# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 738**      **30.01.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | എ) | പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ 15 %, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകളും, 2017-18 വർഷം 8895 വീടുകളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 15,657 വീടുകൾ നിർമ്മാണ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്ന പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ പുനർനിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് മുഖേന 243 വീടുകൾ നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപാ നിരക്കിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 111 പേർ ഒന്നാം ഗഡുവും 5 പേർ രണ്ടാം ഗഡുവും കൈപ്പറ്റിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേന വീടനുവദിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലൈഫ് മിഷൻ 6025 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | മുൻസർക്കാരിന്റെ കാലത്ത് പണി പൂർത്തിയാകാതെ കിടന്ന വീടുകൾ പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | ബി) | മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ച വീടുകൾക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം തുടർന്നുള്ള ഗഡുക്കൾ വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായി നൽകുന്നുണ്ട്. ആയത് പ്രകാരം 2007-08 മുതൽ പണി പൂർത്തിയാവാതെ അവശേഷിച്ച 16360 വീടുകളിൽ 9104 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 3533 വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡ പ്രകാരമുള്ള തുക നൽകിയാണ് പൂർത്തീകരിച്ചത്.<br><br>മുൻസർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും 31.03.2016-നുള്ളിൽ പണി പൂർത്തീകരിക്കാത്തതുമായ 12256 വീടുകളിൽ ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിലുൾപ്പെടുത്തി 9736 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2520 വീടുകൾ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിച്ചു വരുന്നു. |
| സി) | ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകേണ്ടിയിരുന്ന അധിക വിഹിതം നൽകാത്തതുമൂലം നിർമ്മാണം മുടങ്ങിയ വീടുകൾ പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ വീടുകൾക്ക് വകുപ്പ് മുഖേന അനുവദിക്കേണ്ട അധിക ധനസഹായം നൽകുന്നതിനായി 2016-17 വർഷം 107,63,79,000/-രൂപയും, 2017-18 വർഷം 104,74,31,429/-രൂപയും ഗ്രാമവികസന വകുപ്പ് ആവശ്യപ്പെട്ട പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ഐ.എ.വൈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച വീടുകൾക്ക് വകുപ്പിന്റെ വിഹിതമായി 1 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 6,80,64,340/-രൂപ ഗ്രാമവികസന വകുപ്പിന് അനുവദിച്ചിട്ടുണ്ട്. വീടുകളുടെ നിർമ്മാണ പുരോഗതി പ്രകാരം ഒരു ലക്ഷം രൂപ വീതം ആവശ്യപ്പെടുന്ന മുറക്ക് അനുവദിക്കുന്നതാണ്. |

Hari

**സെക്ഷൻ ഓഫീസർ**